LIBRARY ARCHIVES Kerala Legislative Assembly

അന്യസംസ്ഥാനങ്ങളിലെ കേരളത്തിന്റെ ഭൂമി

112 (5194) ശ്രീ. വി. എസ്. സുനിൽ കുമാർ :

ശ്രീ. കെ. അജിത് :

ശ്രീ. മുല്ലക്കര രത്നാകരൻ :

ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അന്യസംസ്ഥാനങ്ങളിൽ കേരളത്തിന് അവകാശപ്പെട്ട ഭൂമിയുണ്ടോ ; എങ്കിൽ ഏതെല്ലാം സംസ്ഥാനങ്ങളിൽ, എത്ര അളവിൽ വീതം ഭൂമിയുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

സംസ്ഥാന സർക്കാരിന് അന്യസംസ്ഥാനങ്ങളിലുള്ള വസ്തുക്കളുടെ വിശദ വിവരം അനുബന്ധമായി ചേർക്കുന്നു.*

ഐ.എ.എസ്. നിഷേധിക്കപ്പെട്ട ശ്രീ. കെ.വി. മുരളീധരന്റെ പ്രൊമോഷൻ

113 (5195) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 27 വർഷമായി ഐ.എ.എസ്. പ്രൊമോഷൻ നിഷേധിക്കപ്പെട്ട പട്ടികജാതിക്കാരനായ ഡെപ്യൂട്ടി കളക്ടർ ശ്രീ. കെ. വി. മുരളീധരന്റെ പ്രൊമോഷൻ ഫയലിൽ എന്ത് നടപടി സ്വീകരിച്ചു ;

(ബി) ഈ ഫയലിന്റെ ഇപ്പോഴത്തെ സ്ഥിതിയെന്താണെന്ന് വ്യക്തമാക്കാമോ ; സെലക്ഷൻ കമ്മിറ്റി വിളിച്ച് ഫയൽ പരിഗണിക്കുന്നതിനാവശ്യമായ ഇന്റഗ്രിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള കാലതാമസം എന്താണെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ&ബി) പി.എസ്.സി. മുഖേന ഡെപ്യൂട്ടി കളക്ടർ തസ്തികയിൽ നേരിട്ട് നിയമനം ലഭിച്ച ശ്രീ. കെ.വി. മുരളീധരൻ സ്ഥാനക്കയറ്റത്തിലൂടെ ഐ.എ.എസ്. പ്രൊമോഷൻ ലഭിക്കുന്നതിനായുള്ള സ്റ്റേറ്റ് സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരുടെ ഫീൽഡ് ഓഫ് ചോയിസിൽ ഇടം നേടിയിരുന്നുവെങ്കിലും ടിയാനെതിരെ നിരവധി വകുപ്പുതല അച്ചടക്ക നടപടികൾ നിലനിന്നിരുന്നതിനാൽ സംസ്ഥാന സർക്കാർ 'ഇന്റഗ്രിറ്റി സർട്ടിഫിക്കറ്റ് നൽകിയിരുന്നില്ല. ആയതിനാലാണ് മുൻവർഷങ്ങളിൽ ഐ.എ.എസ്. ലഭിക്കാതിരുന്നത്. ഇതിനോടകം ടിയാനെതിരെ

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

എടുത്തിട്ടുള്ള 8 അച്ചടക്ക നടപടികളിലായി 6 വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിത ഫലത്തോടെയും 8 വാർഷിക വർദ്ധനവുകൾ സഞ്ചിത ഫലമില്ലാതെയും തടയുകയും 2 തവണ താക്കീത് നൽകുകയും ചെയ്തിട്ടുണ്ട്. 2014 സെലക്ഷൻ വർഷത്തിൽ പ്രൊമോഷൻ മുഖേന ഐ.എ.എസ്. ലഭിക്കാൻ ഡെപ്യൂട്ടി കളക്ടർ തസ്തികയിൽ 8 വർഷം പൂർത്തിയാക്കിയത് ശ്രീ. കെ. വി. മുരളീധരൻ മാത്രമേയുള്ളുവെങ്കിലും ടിയാനെതിരെ 22-7-2013 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 4167/2013/റവ പ്രകാരം ചുമത്തിയ അച്ചടക്ക നടപടിയുടെ ശിക്ഷാകാലാവധി 21-7-2015 തീയതിയിൽ മാത്രമേ തീരുകയുള്ള എന്നതിനാൽ ഇന്റഗ്രിറ്റി സർട്ടിഫിക്കറ്റ് തടഞ്ഞുകൊണ്ടുള്ള 2014 സെലക്ഷൻ വർഷത്തിലെ ഐ.എ.എസ്. പ്രൊമോഷൻ സംബന്ധിച്ച ശുപാർശ പൊതുഭരണ (സ്പെഷ്യൽ-എ) വകുപ്പിന് നൽകിയിട്ടുണ്ട്. ടിയാനെതിരെ കഴിഞ്ഞ നിരവധി വർഷങ്ങളായി നിലനിന്നിരുന്ന അച്ചടക്ക നടപടികളുടെ ഫലമായാണ് ഇന്റഗ്രിറ്റി സർട്ടിഫിക്കറ്റ് നൽകാൻ സാധിക്കാത്തത്.

ജനന രജിസ്ട്രേഷൻ സാധൂകരണത്തിനുള്ള ശ്രീമതി കദീജയുടെ അപേക്ഷ

114 (5196) ശ്രീ. കെ. മുഹമ്മുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനനം വൈകി രജിസ്റ്റർ ചെയ്തത് സാധൂകരിക്കുന്നതിനുവേണ്ടി കുട്ടിയുടെ മാതാവ് ശ്രീമതി കദീജ പി. വളനാട് ഹൗസ്, ആൽപ്പറമ്പ്, മലപ്പുറം ജില്ലാ സമർപ്പിച്ച അപേക്ഷയിന്മേൽ തിരൂർ ആർ.ഡി.ഒ. ഓഫീസിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;

(ബി) ഇതു സംബന്ധമായ 2213/14 തിരൂർ റവന്യൂ ഡിവിഷൻ ഓഫീസിൽ 6-6-2014-ന് നടന്ന ഹിയറിംഗിന് ശേഷവും സർട്ടിഫിക്കറ്റ് നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ ; സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടെങ്കിൽ എന്ന് നൽകി ; വിശദമാക്കുമോ ;

(സി) ഇത്തരം വിഷയങ്ങളിൽ സാധാരണക്കാരന് വേഗത്തിൽ പരിഹാരം ഉണ്ടാക്കുവാനും കാലവിളംബത്തിന്റെ കാരണം കൃത്യമായി ബോധിപ്പിക്കുവാനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ശ്രീമതി കദീജ. പി. വളനാട് ഹൗസ് എന്നവർ ജനനം വൈകി രജിസ്റ്റർ ചെയ്യുന്നതിന് അനുമതിയ്ക്കായി തിരൂർ ആർ.ഡി.ഒ. ഓഫീസിൽ സമർപ്പിച്ച അപേക്ഷയിൽ 6-6-2014-ന് വിചാരണ നടത്തിയിരുന്നുവെങ്കിലും